# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.186 | 01/12/2014 ൽ മറുപടിക്ക് |
|---|---|

### ബാർ കുംഭകോണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ഇ.പി.ജയരാജൻ<br>ശ്രീ.കെ.സുരേഷ് കുറുപ്പ്<br>ശ്രീ.എ.കെ.ബാലൻ<br>ശ്രീ.എ.പ്രദീപ് കുമാർ | | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) | ബാർ കുംഭകോണകേസിൽ വിജിലൻസ് അന്വേഷണം പൂർത്തിയായിട്ടുണ്ടോ ; ഇല്ലെങ്കിൽ അന്വേഷണ പുരോഗതി വിശദമാക്കാമോ ; ഇത്തരമൊരു അഴിമതികേസിൽ വിജിലൻസ് നിർബന്ധമായി പാലിച്ചിരിക്കേണ്ടതായ നിയമവ്യവസ്ഥകൾ വിശദമാക്കാമോ; അന്വേഷണ സംഘത്തോട് എന്തെല്ലാം കാര്യങ്ങൾ അന്വേഷണ വിധേയമാക്കാനാണ് സർക്കാർ ആവശ്യപ്പെട്ടിരിക്കുന്നത് ; അന്വേഷണ ഉദ്യോഗസ്ഥന്മാർ ആരൊക്കെ ; | (എ) | വിജിലൻസിന്റെ അന്വേഷണം പൂർത്തിയായിട്ടില്ല. അന്വേഷണം അവസാനഘട്ടത്തിലാണ്. അഴിമതി ആരോപണം ഉന്നയിക്കുമ്പോൾ ആയത് പ്രഥമദൃഷ്ട്യാ സത്യമാണോയെന്ന് ഒരു പ്രാഥമിക അന്വേഷണം നടത്തി വിജിലൻസ് വകുപ്പ് പരിശോധിക്കാറുണ്ട്. ആരോപണ വിധേയനായ ആൾക്ക് കോഴ കൊടുത്തിട്ടുണ്ടോയെന്നും ആയത് പ്രസ്തുത വ്യക്തി കൈപ്പറ്റിയിട്ടുണ്ടോയെന്നുമാണ് അന്വേഷിക്കാൻ നിർദ്ദേശിച്ചിരിക്കുന്നത്. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, ദക്ഷിണ മേഖല, തിരുവനന്തപുരം ഓഫീസിലെ പോലീസ് സൂപ്രണ്ടിന്റെ മേൽനോട്ടത്തിൽ ദക്ഷിണ മേഖല, തിരുവനന്തപുരം ഓഫീസിലെ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ശ്രീ.എസ്.സുരേഷ് കുമാർ, പോലീസ് ഇൻസ്പെക്ടർമാരായ ശ്രീ.ഷൈൻ തോമസ്, ശ്രീ.ബി.ഗോപകുമാർ എന്നിവരാണ് അന്വേഷണം നടത്തുന്നത്. |
| (ബി) | ബാർ ഉടമ ബിജു രമേശിന്റേതുൾപ്പടെ ബാർ അഴിമതിയുമായി ബന്ധപ്പെട്ട് ഇതിനകം പുറത്തുവന്ന വെളിപ്പെടുത്തലുകളെയും റിപ്പോർട്ടുകളെയും കുറിച്ചെല്ലാം അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ ; അന്വേഷണത്തിന്റെ ഭാഗമായി എഫ്.ഐ.ആർ. തയ്യാറാക്കിയത് എപ്പോഴാണ് ; പകർപ്പ് സഭയുടെ മേശപ്പുറത്ത് ലഭ്യമാക്കാമോ; എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യുന്നതു സംബന്ധിച്ച സുപ്രീംകോടതിയുടെ ഏറ്റവും ഒടുവിലത്തെ വിധിപ്രസ്താവം ഈ കേസിൽ പാലിച്ചിട്ടുണ്ടോ ; | (ബി) | അന്വേഷണം നടത്തിയിട്ടുണ്ട്. 22 ബാർ ഉടമകളുടേയും, ഈ ആരോപണവുമായി ബന്ധപ്പെട്ട പരാതിക്കാരുടേയും മൊഴികൾ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത അന്വേഷണത്തിന്റെ ഭാഗമായി പ്രഥമ വിവര റിപ്പോർട്ട് രജിസ്റ്റർ ചെയ്തിട്ടില്ല. സത്വര-അന്വേഷണം പുരോഗതിയിലാണ്. |
| (സി) | മുഖ്യമന്ത്രിയുടേയും സഹമന്ത്രിമാരുടേയും കേസിലെ പങ്കാളിത്തം സംബന്ധിച്ച ബാർ ഉടമകളിൽ നിന്നുയർന്നുവന്ന ആക്ഷേപങ്ങളും അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ; മുഴുവൻ | | അന്വേഷണവേളയിൽ മുഖ്യമന്ത്രിയുടേയും, മറ്റ് മന്ത്രിമാരുടേയും പങ്കാളിത്തം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 22 ബാർ ഉടമകളിൽനിന്നും വിവരങ്ങൾ ശേഖരിക്കുകയുണ്ടായി. ചില പ്രധാനപ്പെട്ട ബാർ |

| | | | |
|---|---|---|---|
| | ബാറുടമകളിൽ നിന്നും തെളിവ് ശേഖരിക്കുകയുണ്ടായിട്ടുണ്ടോ; എന്തെല്ലാം രേഖകൾ ജപ്തി ചെയ്യപ്പെടുക്കുകയുണ്ടായി ; അന്വേഷണ ഉദ്യോഗസ്ഥന്മാർ മൊഴി രേഖപ്പെടുത്താൻ തയ്യാറായില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | | ഉടമകൾ അന്വേഷണത്തോട് നിസ്സഹകരിക്കുകയാണ്. ജപ്തി ചെയ്ത് രേഖകളൊന്നും ശേഖരിച്ചിട്ടില്ല. തയ്യാറായ എല്ലാവരിൽനിന്നും അന്വേഷണ ഉദ്യോഗസ്ഥർ മൊഴി രേഖപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | അന്വേഷണ ഉദ്യോഗസ്ഥന്മാർ ബാർ ഉടമകളിൽ നിന്നും മൊഴിപൂർണ്ണമായി രേഖപ്പെടുത്തുവാൻ തയ്യാറാകാതെ മുൻകൂട്ടിതയ്യാറാക്കപ്പെട്ട ചോദ്യാവലിയുടെ ഉത്തരം തേടുക മാത്രമായിരുന്നു എന്ന് ആക്ഷേപിച്ചുകൊണ്ടുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ; | (ഡി) | ഹാജരായ ബാർ ഉടമകൾ പറഞ്ഞ കാര്യങ്ങൾ പൂർണ്ണമായും രേഖപ്പെടുത്തിയിട്ടുണ്ട്. ചോദ്യാവലി നൽകിയല്ല മൊഴി രേഖപ്പെടുത്തിയത്. |
| (ഇ) | വിജിലൻസ് സംഘം നാളിതുവരെ എത്ര പേരെ ചോദ്യം ചെയ്യുകയുണ്ടായി ; ആക്ഷേപം ഉന്നയിക്കപ്പെട്ടവരിലും ആക്ഷേപിക്കപ്പെട്ടവരിലുംചോദ്യം ചെയ്യപ്പെട്ടിട്ടില്ലാത്തവർ ആരൊക്കെ ; | (ഇ) | വിജിലൻസ് സംഘം നാളിതുവരെ 26 പേരെ ചോദ്യം ചെയ്യുകയുണ്ടായി. ആക്ഷേപം ഉന്നയിച്ചവരും ആക്ഷേപിക്കപ്പെട്ടവരുമായ എല്ലാവരെയും ചോദ്യം ചെയ്യുകയുണ്ടായി. |
| (എഫ്) | ആരോപിതനായ ധനകാര്യമന്ത്രി ശ്രീ.കെ.എം.മാണി കുറ്റവിമുക്തനാണെന്ന് മന്ത്രി സഭായോഗം വിലയിരുത്തിയിട്ടുണ്ടോ; അന്വേഷണം ആവശ്യമില്ലന്ന് മുഖ്യമന്ത്രി പരസ്യമായി പ്രസ്താവന നടത്തിയത് മന്ത്രി സഭായോഗ തീരുമാനത്തിന്റെ യടിസ്ഥാനത്തിലാണോ; | (എഫ്) | ഇക്കാര്യം സംബന്ധിച്ച് മന്ത്രിസഭായോഗത്തിൽ തീരുമാനം എടുത്തിട്ടില്ല. |
| (ജി) | തെളിവുകൾ ചോദിച്ച് ആരെയും പ്രകോപിപ്പിക്കേണ്ടെന്ന് ധനകാര്യമന്ത്രി ഗവ.ചീഫ്.വിപ്പിന്റെ സാന്നിദ്ധ്യത്തിൽ ജലവിഭവ വകുപ്പ് മന്ത്രിക്ക് നിർദ്ദേശം നൽകിയതായി പുറത്തുവന്നതായി പറയപ്പെടുന്ന ശബ്ദരേഖയടങ്ങുന്ന ദൃശ്യങ്ങൾ വിജിലൻസ് പരിശോധിച്ചിട്ടുണ്ടോ ? | (ജി) | അന്വേഷണം പുരോഗതിയിൽ ആണ്. തെളിവുകൾ പരിശോധിച്ച് വരുന്നതേയുള്ളു. |

സെക്ഷൻ ഓഫീസർ